# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം
## നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *348
## 31.01.2014 ലെ മറുപടിക്ക്

എസ്.ഡ ി.എഫ്.മാനദണ്ഡങ്ങൾ

ചോദ്യം
**ശ്രീമതി കെ.എസ്.സലീഖ**
**ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**ഡോ.ടി.എം. തോമസ് ഐസക്**
**ശ്രീ.എസ്.രാജേന്ദ്രൻ**

ഉത്തരം
**ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | എം.എൽ.എ.മാർക്ക് പ്രത്യേക വികസനനിധി അനുവദിച്ചത് എന്നു മുതൽക്കാണ്; ആയതിനായി ഇതിനകം വകയിരുത്തപ്പെട്ട തുക എത്ര; മാനദണ്ഡങ്ങൾ എന്തായിരുന്നു; മണ്ഡലം ആസ്തി വികസന ഫണ്ടിലേക്ക് ഇതിനകം മാറ്റിവെച്ച തുക എത്ര; ഇവ യഥാസമയം ചിലവഴിക്കപ്പെട്ടിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിക്കാറുണ്ടോ; വ്യക്തമാക്കുമോ; | 2001-02 സാമ്പത്തിക വർഷത്തിലാണ് നിയമസഭാ സാമാജികർക്കുള്ള 'പ്രാദേശിക വികസന നിധി' എന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകിയത്. ആയതിനാൽ ഈ കാലയളവിൽ വകയിരുത്തപ്പെട്ട തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം-I)<br>എം.എൽ.എ.മാരുടെ പ്രാദേശിക വികസന നിധിയുടെ മാനദണ്ഡങ്ങൾ നിശ്ചയിച്ച് 27.05.2004 ലെ G.O.(P).No.247/04/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം-II)<br>മണ്ഡല ആസ്തി വികസന പദ്ധതി 2012-13 വർഷത്തിലാണ് ആരംഭിച്ചത്. 141 എം.എൽ.എ.മാർക്ക് 5 കോടി വീതം എന്ന കണക്കിൽ 2012-13, 2013-14 വർഷങ്ങളിലായി മൊത്തം 1410 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പുരോഗമിച്ചു വരുന്നതേയുള്ളു. |
| (ബി) | മാനദണ്ഡങ്ങളിൽ 'അനുവദിക്കാൻ പാടില്ല' എന്ന് പദ്ധതിയുടെ തുടക്കം മുതലേ നിഷ്കർഷിച്ചിരുന്ന പ്രവൃത്തികൾ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ ; | എം.എൽ.എ-എസ്.ഡി.എഫ് മാനദണ്ഡപ്രകാരം അനുവദനീയമല്ലായെന്ന് തുടക്കം മുതൽ നിഷ്കർഷിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം-III) |

| | | |
|---|---|---|
| (സി) | എസ്.ഡി.എഫ് മാനദണ്ഡങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ ; എപ്പോഴൊക്കെ; കാതലായ മാറ്റം എന്തായിരുന്നു; വിശദമാക്കാമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | എം.എൽ.എ-എസ്.ഡി.എഫ് സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗരേഖ അതായത് 27.05.2004 ലെ G.O.(P) 247/2004/ധന ഉത്തരവിൽ ചില ഭേഗഗതികൾ വരുത്തിയിട്ടുണ്ട്. കാതലായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന ഉത്തരവുകൾ ഉള്ളടക്കം ചെയ്യുന്നു. (G.O.(P) No.134/2012/Fin Dated 24.02.12, G.O.(P) No.271/13/Fin Dated 04.06.2013, G.O.(P) No.577/13/Fin Dated 26.11.2013) |
| (ഡി) | ഏറ്റവും അവസാനം എസ്.ഡി. എഫ്. മാനദണ്ഡങ്ങൾ പരിഷ്ക്കരിച്ചതെപ്പോഴാണ്; എന്തായിരുന്നു പരിഷ്ക്കാരം ; വിശദമാക്കാമോ ; | 26.11.2013 ലെ G.O.(P) 577/2013/ധന ഉത്തരവ് പ്രകാരം എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും പാചകപ്പുര, ടോയ്‌ലറ്റ് ഇവ നിർമ്മിക്കുന്നതിനും അനുമതി നൽകിയതാണ് കാതലായ പരിഷ്ക്കാരം. |
| (ഇ) | ഇപ്പോൾ എസ്.ഡി.എഫ് മാനദണ്ഡങ്ങളിൽ മാറ്റം വരുത്താനുണ്ടായ സാഹചര്യം എന്തായിരുന്നു; ആരുടെ ശുപാർശ പരിഗണിച്ചാണ് പ്രസ്തുത മാറ്റം വരുത്തിയിട്ടുളളത് ; എങ്കിൽ വിശദമാക്കുമോ; | 26.11.2013 ലെ G.O.(P) 577/2013/ധന ഉത്തരവ് പുറപ്പെടുവിച്ചത് പ്രധാനമായും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാന്റെ ശുപാർശ പരിഗണിച്ചാണ്. |
| (എഫ്) | എസ്.ഡി.എഫ്. മാനദണ്ഡമനുസരിച്ച് ലഭിച്ച സാമാജികരുടെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി ഉണ്ടോ ; ഭരണാനുമതിക്കായി മാസങ്ങൾ പിന്നിട്ട നിർദ്ദേശങ്ങൾ ഇപ്പോഴും പരിഗണനയിലിരിക്കുന്നുണ്ടോ; അവശേഷിക്കുന്നവയുടെ കണക്കുകൾ ലഭ്യമാണോ; വ്യക്തമാക്കുമോ ? | പ്രവൃത്തി നിർവ്വഹണത്തിന് സമയപരിധി നിശ്ചയിച്ച് 20.11.2009 ലെ G.O.(P) 518/09/Fin പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും സമയബന്ധിതമായി പണി പൂർത്തീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.<br>അവശേഷിക്കുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br>1. കോട്ടയം .. 28<br>2. തൃശ്ശൂർ .. 42<br>3. ആലപ്പുഴ .. 38<br>4. കോഴിക്കോട് .. 49<br>5. കൊല്ലം .. 79 |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്